ക്കുകയും ചെയ്തിട്ടുണ്ട്. കേസ്സന്വേഷണം പൂർത്തിയാക്കി കേസ് ചാർജ്ജ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. വർഷംതോറും ശിവരാത്രിയോടനുബന്ധിച്ച് രണ്ടുമാസക്കാലത്തേയ്ക്ക് വന്യജീവി സംരക്ഷണ നിയമങ്ങൾക്ക് വിധേയമായി തീർത്ഥാടനം അനുവദിക്കുന്നുണ്ട്. ഒരു ദിവസം 50 പേർക്കാണ് അനുമതി നൽകുന്നത്. ഒരാളിന് 50 രൂപ നിരക്കിൽ പ്രവേശന ഫീസ് ഈടാക്കുന്നു. മൂന്നു ദിവസംകൊണ്ട് തീർത്ഥാടനം പൂർത്തിയാക്കുന്നു. തീർത്ഥാടകരുടെ സുരക്ഷയ്ക്കും വനത്തിന്റെ സംരക്ഷണത്തിനുമായി വനം വകുപ്പുദ്യോഗസ്ഥർ തീർത്ഥാടകരെ അനുഗമിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ&എഫ്) നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം

11 (*221)ശ്രീ. ജി.സുധാകരൻ :

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയിൽ കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടത്തിന്റെ കണക്ക് ശേഖരിച്ചുവോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏതു ജില്ലയിലാണ് കൃഷിനാശം കൂടുതൽ ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാർഷിക മേഖലയിലുണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം നൽകിത്തുടങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ജി.ഒ (എം.എസ്) നം. 203/94/കൃഷി തീയതി 19.7.94, നം. 129/99/കൃഷി തീയതി 4.5.99 പ്രകാരം നിശ്ചയിച്ചതോതിൽ വിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ആയതിലേക്കുള്ള തുക റവന്യൂ വകുപ്പിൽ നിന്നാണ് ലഭിക്കുന്നത്. കൂടാതെ പ്രകൃതിക്ഷോഭം കാരണം കൃഷിനാശമുണ്ടായാൽ വിത്തു വാങ്ങുന്നതിനും പാടങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും തുക കൃഷിവകുപ്പിൽനിന്നും കണ്ടിൻജൻസി പദ്ധതി പ്രകാരം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്താകെ 18.42 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരമായി നൽകുവാൻ 4.81 കോടി രൂപ വേണ്ടിവരും. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(സി) പാലക്കാട് ജില്ല (ഇവിടെ 3.01 കോടി രൂപയുടെ കൃഷി നാശമുണ്ടായിട്ടുണ്ട്).

(ഡി) നഷ്ടപരിഹാരം നൽകുവാനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

കാർഷിക വില നിർണ്ണയ ബോർഡ്

12 (*222)ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ്ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവിലയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് മാത്രം ലഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) കാർഷിക വില നിർണ്ണയബോർഡിൽനിന്നും പുറപ്പെടുവിച്ച നിർദ്ദേശം അനുബന്ധമായി† ചേർത്തിരിക്കുന്നു.

ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ച തുക

13 (*223)ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2000 കാലയളവിൽ ഭക്ഷ്യ സബ്സിഡിക്കായി സർക്കാർ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) 2000-2001 സാമ്പത്തികവർഷത്തേക്ക് ഭക്ഷ്യ സബ്സിഡിക്കായി നടപ്പു ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) ഈ തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

---

† അനുബന്ധം - II

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly

28/6/2000 ലെ ചോദ്യം 11(*221)ന്റെ ഉത്തരം ദയവായി കാണുക.

തെക്ക് പടിഞ്ഞാറൻ കാലവർഷക്കെടുതി ജില്ല തിരിച്ചുള്ള കണക്ക്

	ജില്ല	കണക്കാക്കപ്പെട്ട നാശ നഷ്ടം (ലക്ഷം)	അനുവദനീയ നഷ്ട പരിഹാരത്തുക (രൂപ)
1	തിരുവനന്തപുരം	45.69000	14.16000
2	കൊല്ലം	68.19290	20.67605
3	പത്തനംതിട്ട	54.71350	15.27390
4	ആലപ്പുഴ	33.64250	10.75175
5	കോട്ടയം	212.27650	32.94725
6	ഇടുക്കി	191.15500	31.67450
7	എറണാകുളം	208.61500	40.62120
8	തൃശ്ശൂർ	83.48300	25.67320
9	പാലക്കാട്	301.28850	86.31330
10	മലപ്പുറം	116.44880	33.18309
11	കോഴിക്കോട്	115.94250	27.70035
12	വയനാട്	297.71300	114.62815
13	കണ്ണൂർ	66.44100	15.64115
14	കാസർഗോഡ്	45.93720	12.05886
	ആകെ	**1841.53940**	**481.30275**

LIBRARY ARCHIVES Kerala Legislative Assembly

ജി.ഒ.(എം.എസ്) നം.203/94/കൃഷി തീ. 19.7.1994

പ്രകാരം നൽകി വകുന്ന വിളനാശത്തിന്റെ തോത്

ക്രമ.നം. (1)	വിള (2)	നിരക്ക് (രൂപ) (3)
1	നെല്ല് (ഹെക്റിന്)	1000
2	തെങ്ങ് (കുലച്ചത്)	300
3	തെങ്ങ് (കുലയ്ക്കാത്തത്)	100
4	തെങ്ങ് (ഒരു വർഷംവരെപ്രായം)	25
5	വാഴ (കുലച്ചത്)	25
6	വാഴ (കുലയ്ക്കാത്തത്)	12
7	റബ്ബർ(ടാപ്പ്ചെയ്യുന്നത്)	60
8	റബ്ബർ(ടാപ്പ്ചെയ്യാത്തത്)	25
9	കശുമാവ് (കായ്ക്കുന്നത്)	60
10	കശുമാവ് (കായ്ക്കാത്തത്)	20
11	കമുക് (കായ്ക്കുന്നത്)	45
12	കമുക് (കായ്ക്കാത്തത്)	30
13	കൊക്കോ (കായ്ക്കുന്നത്)	30
14	കോഫി	30
15	കുരുമുളക് (കായ്ക്കുന്നത്)	20
16	ഇഞ്ചി (10സെന്റിന്)	50
17	മഞ്ഞൾ (10സെന്റിന്)	50
18	മരച്ചീനി (25 സെന്റിന്)	50
19	നിലക്കടല (ഹെക്ടറിന്)	750
20	എള്ള് (ഹെക്ടറിന്)	750
21	പച്ചക്കറി(10സെന്റിന്)	50
22	ജാതി (മരംഒന്നിന് കായ്ക്കുന്നത്)	100
23	ജാതി(കായ്ക്കാത്തത്)	50
24	ഗ്രാമ്പു(കായ്ക്കുന്നത്)	75
25	ഗ്രാമ്പു(കായ്ക്കാത്തത്)	25
26	ഏലം (ഹെക്ടറിന്)	1500
27	വെറ്റില (സെന്റിന്)	150
28	പയറുവർഗ്ഗങ്ങൾ	350
29	കിഴങ്ങു വർഗ്ഗങ്ങൾ	50
30	കരിമ്പ് (ഹെക്ടറിന്)	1250
31	പൈനാപ്പിൾ (10സെന്റിന്)	125
32	തീറ്റപുൽവർഗ്ഗങ്ങൾ (10 സെന്റിന്)	30
33	മൾബറി (50 സെന്റിന്)	125
34	പുകയിലകൃഷി(10 സെന്റിന്)	300
35	പരുത്തി(10 സെന്റിന്)	100

(സ.ഉ. (എം.എസ്) നം.129/99/കൃഷി തീ.4.5.99 പ്രകാരം 150 രൂപയായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly